**പതിമൂന്നാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3253

20/06/2014-ൽ മറുപടിക്ക്

സ്നേഹിത പദ്ധതി

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| ശ്രീ. എ. റ്റി. ജോർജ്ജ് :<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ :<br>ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. പി. സി. വിഷ്ണുനാഥ് : | | **ഡോ.എം.കെ. മുനീർ**<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ) |
| (എ) കുടുംബശ്രീയുടെ നേതൃത്വത്തിൽ സ്നേഹിത പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. അതിക്രമങ്ങൾക്കും ചൂഷണങ്ങൾക്കും വിവേചനങ്ങൾക്കും വിധേയരായ സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ കൗൺസിലിംഗ്, താത്ക്കാലിക അഭയം, അടിയന്തിര ഘട്ടങ്ങളിൽ നിയമസഹായം ലഭ്യമാക്കുന്നതിന് നിലവിലുള്ള സഹായ സംവിധാനങ്ങളുമായി ബന്ധപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ 3 ജില്ലകളിൽ (തിരുവനന്തപുരം, എറണാകുളം, മലപ്പുറം) പൈലറ്റ് അടിസ്ഥാനത്തിൽ സ്നേഹിത ഹെൽപ്പ് ഡെസ്കുകൾ ആരംഭിച്ച് പ്രവർത്തിച്ചു വരുന്നു. |
| (ബി) ആർക്കെല്ലാമാണ് പദ്ധതി വഴി സഹായം ലഭിക്കുന്നത് ; വിശദമാക്കുമോ ; | (ബി) | അതിക്രമങ്ങൾക്കും ചൂഷണങ്ങൾക്കും വിവേചനങ്ങൾക്കും വിധേയരാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കുമാണ് ഈ പദ്ധതി വഴി സഹായം ലഭ്യമാകുന്നത്. |

| | |
|---|---|
| (സി) എന്തെല്ലാം സൗകര്യങ്ങളാണ് സ്ത്രീകൾക്ക് ഈ പദ്ധതി മുഖേന ലഭ്യമാകുന്നത് ; വിശദാംശങ്ങൾ എന്തെല്ലാമെന്നറിയിക്കാമോ? | (സി) മറ്റ് സ്ഥലങ്ങളിൽ നിന്നും യാത്ര ചെയ്തുവരുന്ന സ്ത്രീകൾക്ക് ആവശ്യമായ പിന്തുണാ നിർദ്ദേശങ്ങൾ നൽകുക (താമസം, സ്ഥലങ്ങൾ-സ്ഥാപനങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ). ഉപജീവനം-അതിജീവനം-സുരക്ഷ തുടങ്ങിയവയ്ക്കായി ഏതെങ്കിലും സർക്കാർ-സർക്കാരേതര സ്ഥാപനങ്ങളുടെ സേവനം ആവശ്യമായ സ്ത്രീകൾക്ക് വേണ്ട മാർഗ്ഗനിർദ്ദേശം നൽകുന്ന ഒരു സർവീസ് സെന്ററായി പ്രവർത്തിക്കുക, ഹ്രസ്വമായ താമസസൗകര്യം, ആവശ്യമായ നിയമോപദേശം, കൗൺസിലിംഗ് എന്നിവയാണ് ഇപ്പോൾ 'സ്നേഹിത' പദ്ധതി വഴി നൽകി വരുന്നത്. |

Joseph Hill

സെക്ഷൻ ഓഫീസർ